"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.285/2026/LSGD തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.161/2017/തസ്വഭവ തീയതി 18/08/2017
2. സ.ഉ(സാധാ) നം.2176/2023/തസ്വഭവ തീയതി 04/11/2023
3. സ.ഉ(സാധാ) നം.1063/2025/തസ്വഭവ തീയതി 26/04/2025
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/10/2025 ലെ എൽ.എം4/10/2021/ലൈഫ്/കരാർ നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ പ്രോഗ്രാം മാനേജർമാരായി ജോലിനോക്കുന്ന ശ്രീ. സജീന്ദ്ര ബാബു, ശ്രീമതി. അജിത എസ് എന്നിവരുടെയും, കരാറടിസ്ഥാനത്തിൽ എം.ടി.പി/ഒ.എ ആയി ജോലി നോക്കുന്ന ശ്രീമതി. ഷജീല എം ന്റെയും പരാമർശം 3 പ്രകാരമുള്ള കരാർ സേവനം അവസാനിക്കുന്ന മുറയ്ക്ക് ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 4 പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ സേവനകാലാവധി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ പറയും പ്രകാരം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>വ്യവസ്ഥകൾ</u>

i. കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച കൊണ്ട് ധന(വ്യയം സി) വകുപ്പിൽ നിന്നു പുറപ്പെടുവിച്ച 19/04/2025 ലെ സ.ഉ(അച്ചടി)നം.54/2025/ധന ഉത്തരവുകളിലെ പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ii. സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | കരാർ ദീർഘിപ്പിക്കുന്ന തീയതി | പ്രതിമാസ കരാർ വേതനം |
|---|---|---|---|---|
| 1 | ശ്രീ സജീന്ദ്ര ബാബു ജെ | പ്രോഗ്രാം മാനേജർ | 27/10/2025 മുതൽ 26/10/2026 വരെ | 60000 |
| 2 | ശ്രീമതി അജിത എസ് | പ്രോഗ്രാം മാനേജർ | 29/12/2025 മുതൽ 28/12/2026 വരെ | 60000 |
| 3 | ശ്രീമതി ഷജീല എം | എംടി.പി/ഒ എ | 22/11/2025 മുതൽ 21/11/2026 വരെ | 21070 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, Statue,തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ( ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ്(WCD-3/3/2024-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

സെക്ഷൻ ഓഫീസർ

Sheeba. S. C

Date: 05-02-2026 12:32:26